# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1164    04.02.2019 ൽ മറുപടിക്ക്**

## ചേരാനല്ലൂർ ജംഗ്ഷൻ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 45 മീറ്റർ വീതിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ദേശീയ പാതകളായ ദേശീയപാത-66, ദേശീയപാത-966A എന്നിവ സംഗമിക്കുന്ന എറണാകുളം ജില്ലയിലെ ചേരാനല്ലൂരിലെ ജംഗ്ഷൻ, 40 ഏക്കറിൽപരം സ്ഥലം ഏറ്റെടുത്ത് ക്ലോവർ ലീഫ് / റൗണ്ട് എബൗട്ട് രൂപത്തിൽ വികസിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) 60 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കാൻ ലക്ഷ്യമിട്ട സമയത്ത് രൂപപ്പെടുത്തിയ പ്രസ്തുത ക്ലോവർ ലീഫ് രൂപരേഖയിൽ റോഡ് വീതി 45 മീറ്റർ ആയി ചുരുക്കിയിട്ടും ക്ലോവർ ലീഫിന് കുറവ് വരുത്താത്തത് എന്തുകൊണ്ട്; ക്ലോവർ ലീഫ്/ബട്ടർഫ്ലൈ റൗണ്ട് എബൗട്ട് നിർമ്മിക്കുന്നത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ്; വിവരിക്കാമോ;<br><br>സി) പ്രസ്തുത പഠനം അനുസരിച്ച് ചേരാനല്ലൂർ ജംഗ്ഷനിലെ ട്രാഫിക് ഡെൻസിറ്റി പഠന വിധേയമാക്കിയിട്ടുണ്ടോ; ഇത്തരം റൗണ്ട് | ബി) സി) & ഡി) ചേരനെല്ലൂർ ICTT ജംഗ്ഷനിൽ രണ്ട് നാഷണൽ ഹൈവേ സംഗമിക്കുന്നതു കൊണ്ട് (എൻ എച്ച് 66 & എൻ എച്ച് 966 എ) എല്ലാ ദിശയിലും ഹെവി ട്രാഫിക്ക് ഉണ്ടാവും. ജംഗ്ഷനിലെ എല്ലാ ശാഖാ റോഡുകളിലും മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന ലെവൽ ഓഫ് സർവീസ് ലഭിക്കുന്നതിനു വേണ്ടിയാണ് ക്ലോവർ ലീഫ് ഇന്റർ ചെയ്ഞ്ച് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. പ്രസ്തുത ജംഗ്ഷനിലെ എല്ലാ കൈവഴികളിലെയും പീക് അവർ ട്രാഫിക് സ്റ്റഡി(Peak Hour Traffic Study) നടത്തിയപ്പോൾ 2016 ൽ 8672 PCU ലഭിക്കുകയുണ്ടായി. ഇത് 2021 ആകുമ്പോഴേക്കും |

എബൗട്ട് ഇന്ത്യയിൽ മറ്റെവിടെയെങ്കിലും നിർമ്മാണ ഘട്ടത്തിലെങ്കിലും ഉള്ളതായി അറിവുണ്ടോ;

ഡി) നിലവിലെ ബട്ടർഫ്ലൈ ഫ്ലൈഓവർ രൂപരേഖയ്ക്ക് മറ്റേതെങ്കിലും ബദൽ, പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

10000 PCU ആയി മാറും അതുകൊണ്ട് IRC.SP.90.2010 പ്രകാരം പ്രസ്തുത ജംഗ്ഷനിൽ ക്ലോവർ ലീഫ് ഇന്റർ ചെയ്ഞ്ച് മാത്രമേ പ്രൊപ്പോസ് ചെയ്യുവാൻ കഴിയുകയുള്ളൂ. NH 17 ൽ മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ആനുവൽ ആവറേജ് ഡയിലി ട്രാഫിക്ക് (AADT) കണക്ക് ചുവടെ ചേർക്കുന്നു

| Financial Year | Ernakulam district (PCU) |
|---|---|
| FY 17 | 30846 |
| FY 22 | 42932 |
| FY 27 | 60197 |
| FY 32 | 83930 |
| FY 37 | 114189 |
| FY 42 | 152865 |
| FY 47 | 197966 |

S. Bindu

സെക്ഷൻ ഓഫീസർ